## ബീജിംഗ് ഒളിമ്പിക്സിന് ഹിജാബ് തിളക്കം

**ലോകത്തിന്റെ** ഏതു ഭാഗത്ത് നടക്കുന്ന കായിക മത്സരങ്ങളാണെങ്കിലും, പാശ്ചാത്യർ അവരുടെ സംസ്കാരത്തിനൊത്ത് രൂപകൽപന ചെയ്ത വസ്ത്രധാരണ രീതികളേ ആകാവൂ എന്നൊരു അലിഖിത നിയമമുണ്ട്. അതിനൊരു തിരുത്താവുകയാണ് ബീജിംഗ് ഒളിമ്പിക്സ്. മുസ്‌ലിം നാടുകളിൽനിന്നുള്ള നിരവധി വനിതാ കായികതാരങ്ങളാണ് ഇത്തവണത്തെ ഒളിമ്പിക്സ് മത്സരങ്ങളിൽ ഹിജാബണിഞ്ഞ് എത്തുന്നത്. ഹിജാബ് അണിയുന്നതുകൊണ്ട് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനോ മികവ് പുലർത്തുന്നതിനോ യാതൊരു തടസ്സവുമില്ലെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. “ഹിജാബ് അണിയുന്നതുകൊണ്ട് എനിക്കൊരു പ്രശ്നവും തോന്നിയിട്ടില്ല”- 2006-ലെ ഏഷ്യൻ ഗെയിംസിൽ അത്‌ലറ്റിക്സിൽ സ്വർണം നേടി ചരിത്രം സൃഷ്ടിച്ച ബഹ്റൈന്റെ ഓട്ടക്കാരി റുഖയ്യ അൽ ഗസറ പറഞ്ഞു. ബഹ്റൈനെ പ്രതിനിധീകരിച്ച് റുഖയ്യ ഹിജാബണിഞ്ഞുകൊണ്ട് ഒളിമ്പിക്സ് മത്സരങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

ഈജിപ്തിൽനിന്ന് ആറ്, ഇറാനിൽനിന്ന് മൂന്ന്, അഫ്ഗാനിൽനിന്നും യമനിൽനിന്നും ഓരോന്നു വീതം -ഇതാണ് ഹിജാബണിഞ്ഞ് മത്സരിക്കുന്ന വനിതകളുടെ ഏകദേശ കണക്ക്. ഓട്ടം, തുഴച്ചിൽ, തൈക്കോണ്ടോ, അമ്പെയ്ത്ത് തുടങ്ങിയ മത്സരങ്ങളിലാണ് അവർ പങ്കെടുക്കുന്നത്.



*റുഖയ്യ*

ബഹ്റൈനി ഓട്ടക്കാരി റുഖയ്യയും ഇറാനിയൻ തുഴച്ചിൽകാരി ഹോമ ഹുസൈനിയുമാണ് അവരവരുടെ നാടുകളുടെ പതാകയുമേന്തി മാർച്ച് പാസ്റ്റിൽ ടീമിന്റെ മുമ്പിൽ നടന്നത്. വാൾപയറ്റ് മത്സരത്തിൽ പങ്കെടുക്കുന്ന ഈജിപ്തുകാരി ഷൈമ അൽ ഗമാൽ മൂന്നാം തവണയാണ് ഒളിമ്പിക്സ് മത്സരങ്ങളിൽ പങ്കെടുക്കുന്നതെങ്കിലും, ഹിജാബണിയുന്നത് ഇത് ആദ്യത്തെ തവണയാണ്. “ഒട്ടകപ്പുറത്ത് കയറുമ്പോൾ ധരിക്കുന്ന വസ്ത്രം എന്നാണ് ഇതിനെക്കുറിച്ച പൊതുധാരണ. ഹിജാബ് ഒന്നിനും തടസ്സമല്ലെന്ന് തെളിയിക്കുകയാണ് ഞങ്ങൾ” - ഷൈമ പറയുന്നു. ■



## മഹ്മൂദ് ദർവേഷ് (1941 – 2008)

**പ്രവാസത്തിന്റെയും** അലച്ചിലിന്റെയും വേദനകളും ഉത്കണ്ഠകളും അക്ഷരങ്ങളിലേക്കാവാഹിച്ച ഫലസ്ത്വീനികളുടെ സ്വന്തം കവി മഹ്മൂദ് ദർവേഷ് (67) ആഗസ്റ്റ് ഒമ്പതിന് വിടവാങ്ങി. അമേരിക്കയിലെ ടെക്സാസിൽ ഹൃദയ ശസ്ത്രക്രിയയെ തുടർന്നായിരുന്നു അന്ത്യം. ഫലസ്ത്വീൻ ദേശമെന്ന സ്വപ്ന സാക്ഷാത്കാരത്തിന് സമർപ്പിക്കപ്പെട്ടതായിരുന്നു ആ ജീവിതവും കവിതകളും. 1960-ലാണ് ആദ്യ കവിതാ സമാഹാരം പ്രസിദ്ധീകരിക്കുന്നത്. കുടിയിറക്കപ്പെട്ടവരുടെ വിഹ്വലതകളും രോഷവുമായിരുന്നു വരികളിൽ നിറയെ. അന്നത്തേക്കാളേറെ ഒരു സ്വതന്ത്ര ഫലസ്ത്വീൻ രാഷ്ട്രത്തിന്റെ സാധ്യത തെളിഞ്ഞുവന്ന രാഷ്ട്രീയ സാഹചര്യത്തിലാണ് കവിയുടെ വിടവാങ്ങൽ.

1948-ൽ പകുതിയിലധികം ഫലസ്ത്വീനികൾ ജന്മനാട്ടിൽനിന്ന് കുടിയിറക്കപ്പെട്ടപ്പോൾ അക്കൂട്ടത്തിൽ മഹ്മൂദ് ദർവേഷിന്റെ കുടുംബവുമുണ്ടായിരുന്നു. കൗമാരത്തിൽ കവി സ്വന്തം ഗ്രാമത്തിൽ തിരിച്ചെത്തുന്നുണ്ടെങ്കിലും, തന്റെ ബാല്യകാല സ്മരണകൾ ഉറങ്ങുന്ന സകലതും തകർക്കപ്പെട്ടതായാണ് കാണുന്നത്. രോഷാകുലനായി പോരാട്ടത്തിൽ പങ്കുചേരുകയും കവിതയെഴുതുകയും ചെയ്ത ദർവേഷിനെ ഇസ്രയേലീ അധിനിവേശ ഭരണകൂടം പല തവണ തടവിലാക്കി. 1971-ൽ അദ്ദേഹം സോവിയറ്റ് യൂനിയനിലേക്ക് പോയി. പിന്നെ കയ്റോ, ബൈറൂത്ത്, ടുണീഷ്യ, പാരീസ് എന്നിങ്ങനെ പലയിടങ്ങളിലായി പ്രവാസ ജീവിതം.

കമ്യൂണിസ്റ്റ് അനുഭാവിയായി രാഷ്ട്രീയ ജീവിതം തുടങ്ങിയ ദർവേഷ് പി.എൽ.ഒ നിർവാഹക സമിതിയിൽ അംഗമായിരുന്നു. 1993-ൽ യാസിർ അറഫാത്ത് ഇസ്രയേലുമായി ഓസ്‌ലോ കരാറിൽ ഒപ്പിട്ടതിൽ പ്രതിഷേധിച്ച് പി.എൽ.ഒ വിട്ടു.

കഴിഞ്ഞ മാസം ഫലസ്ത്വീനിയൻ ദുരന്ത(നഖബ)ത്തിന്റെ അറുപതാം വാർഷികത്തിൽ ടെലിവിഷനിൽ പ്രത്യക്ഷപ്പെടുമ്പോൾ പോരാട്ടവീര്യമല്ല കവിയുടെ വാക്കുകളിൽ തുടിച്ചുനിന്നത്; കടുത്ത പരിഹാസമായിരുന്നു. ദുരന്തം ഇരകളുടേത് മാത്രമല്ല, വേട്ടക്കാരുടേതു കൂടിയാണ്. അനിശ്ചിതമായ ഭാവിയാണ് ജൂതന്മാരും ഫലസ്ത്വീനികളും ഒരുപോലെ പങ്കുവെക്കാൻ പോകുന്നത്. ‘ചരിത്രം ഇരയെയും കടന്നുകയറ്റക്കാരെയും ഒരുപോലെ പരിഹസിച്ച് ചിരിക്കുന്നു.’ *ലിഖിത രേഖ* എന്ന പുതിയ കവിതയിൽ, കൊലയാളിയും ഇരയും ഒരേ മാളത്തിൽ കുടുങ്ങി മരിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. ചരിത്രത്തെക്കുറിച്ച ആഴമേറിയ ഉൾക്കാഴ്ചയാണ് ദർവേഷിന്റെ ഒടുവിലത്തെ കവിതകളിൽ പ്രതിഫലിക്കുന്നത്. ■

## റഷ്യ – ജോർജിയ യുദ്ധം മുസ്‌ലിം സമൂഹം ആശങ്കയിൽ



**റഷ്യ-ജോർജിയ** യുദ്ധം വംശീയ സംഘർഷങ്ങൾക്ക് ശക്തിപകരുമെന്ന് കൊക്കേഷ്യൻ മുസ്‌ലിം സംഘടനകളുടെ മുന്നറിയിപ്പ്. യുദ്ധം മേഖലയിൽ രാഷ്ട്രീയ അസ്ഥിരതക്ക് വഴിവെക്കും. ഇതിന്റെ കെടുതികൾ ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിവരിക കൊക്കേഷ്യൻ മേഖലയിലെ മുസ്‌ലിംകളായിരിക്കും. അബ്കാസിയ, ചെച്നിയ, തെക്കൻ ഒസേറ്റിയ, നാഗർണോ-കാരബാഖ് തുടങ്ങിയ കൊക്കേഷ്യയിലെ ഒട്ടുമിക്ക പ്രദേശങ്ങളിലും വർഷങ്ങളായി സംഘർഷം നിലനിൽക്കുകയാണ്. തെക്കൻ ഒസേറ്റിയയിലെ വിമത പോരാളികൾക്കൊപ്പം ചേർന്ന് റഷ്യ ജോർജിയക്കെതിരെ നടത്തിയ ആക്രമണമാണ് പുതിയ സംഘർഷത്തിന് ഹേതു. അബ്കാസിയയിലും ജോർജിയൻ നഗരങ്ങളിലും വരെ റഷ്യൻ സേന ആക്രമണം നടത്തി.

"കൊക്കേഷ്യൻ മുസ്‌ലിംകളെയാണ് ഈ ആക്രമണങ്ങൾ ഏറ്റവും പ്രതികൂലമായി ബാധിക്കാൻ പോകുന്നത്. വംശീയ വേർതിരിവിനെ ഇത് ശക്തിപ്പെടുത്തും. 130 വംശീയതകളെ ഉൾക്കൊള്ളുന്ന റഷ്യൻ ഫെഡറേഷനെ വരെ അത് അസ്ഥിരപ്പെടുത്തിയേക്കും"- റഷ്യയിലെ സെന്റ് പീറ്റേഴ്സ് ബർഗിൽ പ്രവർത്തിക്കുന്ന ഇസ്‌ലാമിക് കൾച്ചറൽ സെന്ററിന്റെ പ്രസിഡന്റ് മുഹമ്മദ് ഹനി *ഇസ്‌ലാം ഓൺലൈൻ നെറ്റി*നോട് പറഞ്ഞു. ജോർജിയയിലെ ഇസ്‌ലാമിക ഡമോക്രാറ്റിക് പാർട്ടി വക്താവ് ദാഷ്ജീൻ ഗോൽ മാമദേവും ഈ അഭിപ്രായത്തോട് യോജിക്കുന്നു. യുദ്ധത്തിന് കാരണമായത് ജോർജിയൻ പ്രസിഡന്റ് മിഖയേൽ സാക്ഷ്വീവലിയുടെ അമേരിക്കൻ വിധേയത്വമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തുന്നു. "ജോർജിയയെ അമേരിക്കൻ തൊഴുത്തിൽ കെട്ടാനാണ് അദ്ദേഹം ശ്രമിക്കുന്നത്. അമേരിക്കക്ക് അതിവിപുലമായ സൈനിക താവളം പണിയാൻ അദ്ദേഹം അനുവാദം കൊടുത്തിട്ടുണ്ട്. അമേരിക്കൻ താൽപര്യങ്ങൾക്ക് എതിരു നിൽക്കുന്ന രാഷ്ട്രങ്ങളെ തകർക്കാനാണ് ആ സൈനിക താവളം. ശത്രുപട്ടികയിൽ മുസ്‌ലിം രാഷ്ട്രങ്ങളും ഉണ്ട്."

പ്രസിഡന്റ് സാക്ഷ്വീവലി ജോർജിയൻ മുസ്‌ലിംകളോട് പക്ഷപാതപരമായി പെരുമാറുന്നുവെന്നും അവരെ രണ്ടാംതരം പൗരന്മാരായി കാണുന്നുവെന്നും മാമദേവ് ആരോപിച്ചു. ജോർജിയയിലെ നാലര മില്യൻ ജനസംഖ്യയിൽ ഒന്നര മില്യനോളം മുസ്‌ലിംകളായിരുന്നുവെന്നും, ഭരണകൂടത്തിന്റെ പീഡനം കാരണം പല മുസ്‌ലിം കുടുംബങ്ങളും തുർക്കി പോലുള്ള അയൽ രാഷ്ട്രങ്ങളിലേക്ക് പലായനം ചെയ്തുവെന്നും ഇതാണ് മുസ്‌ലിം ജനസംഖ്യാനുപാതം കുറയാനിടയാക്കിയതെന്നും ജോർജിയൻ മുസ്‌ലിം ഫെഡറേഷന്റെ ഉപാധ്യക്ഷൻ ഇസ്‌ലാം സായിദായേവ് പറഞ്ഞു. ജോർജിയയിലെ അദ്ജീരിയാ മേഖലയിലാണ് മുസ്‌ലിം ജനസംഖ്യ കൂടുതലുള്ളത്.

കൊക്കേഷ്യയിൽ റഷ്യക്കുള്ള രാഷ്ട്രീയ-ഭൂമിശാസ്ത്ര മേധാവിത്വം തകർക്കാൻ ശ്രമിക്കുന്ന ശക്തികളാണ് യുദ്ധത്തിന് പിന്നിലെന്നും ഇസ്‌ലാം സായിദായേവ് അഭിപ്രായപ്പെട്ടു. രണ്ടായിരം സൈനികരെയാണ് ജോർജിയൻ പ്രസിഡന്റ് ഇറാഖിലേക്ക് അയച്ചുകൊടുത്തത്. അഫ്ഗാനിലേക്ക് സൈനികരെ അയക്കാമെന്ന് വാഗ്ദാനം നൽകിയിട്ടുമുണ്ട്. ഫലത്തിൽ, മേധാവിത്വത്തിന് വേണ്ടിയുള്ള റഷ്യൻ-അമേരിക്കൻ പോരാണ് അവിടെ നടക്കുന്നതെന്ന് ചുരുക്കം. ■



## ഹസൻ അയ്യൂബ് അന്തരിച്ചു

**പ്രമുഖ** പണ്ഡിതനും വാഗ്മിയും പ്രബോധകനുമായ ശൈഖ് ഹസൻ അയ്യൂബ് (90) അന്തരിച്ചു. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളുടെ ആയിരത്തിലധികം ഓഡിയോ-വീഡിയോ സീഡികൾ പ്രചാരത്തിലുണ്ട്. നിരവധി കൃതികളുടെ രചയിതാവാണ്. അവയിൽ ഏറ്റവുമൊടുവിലത്തേതാണ് അമ്പത് ഭാഗങ്ങളുള്ള 'ലളിത ഇസ്‌ലാമിക വിജ്ഞാനകോശം.'

ഈജിപ്തിലാണ് ജനനം. അൽ അസ്ഹറിലെ പഠനത്തിനു ശേഷം, വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്തുകൊണ്ടിരിക്കെ അൽ ഇഖ്‌വാനുൽ മുസ്‌ലിമൂനിൽ ആകൃഷ്ടനായി. ഇതിന്റെ പേരിൽ ജമാൽ അബ്ദുന്നാസിറിന്റെ സ്വേഛാധിപത്യ ഭരണകൂടം 20 വർഷമാണ് അദ്ദേഹത്തെ തടവിലിട്ടത്. ജയിൽ മോചിതനായ ശേഷം കുവൈത്തിലെത്തിയ ഹസൻ അയ്യൂബ് നിരവധി ഇസ്‌ലാമിക സംരംഭങ്ങൾക്ക് രൂപം നൽകി. അവയിൽ ഏറ്റവും പ്രശസ്തമായതാണ് *സകാത്തുൽ ഉസ്മാൻ സമിതി*. അറബ് ലോകത്തെ ഏറ്റവും വലിയ ചാരിറ്റബ്ൾ സ്ഥാപനങ്ങളിലൊന്നാണിത്. സുഊദിയിലും അദ്ദേഹം അധ്യാപകനായി സേവനമനുഷ്ഠിക്കുകയുണ്ടായി. ■